# കാറ്റഗറി നമ്പർ : 287/2023 – 290/2023

**(ഒന്നാം എൻ.സി.എ വിജ്ഞാപനം)**

താഴെപ്പറയുന്ന തസ്തികയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള താഴെപ്പറയുന്ന സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം അപേക്ഷകൾ ഓൺ ലൈനായി ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

1. **വകുപ്പ്** : ഫയർ ആന്റ് റെസ്ക്യൂ സർവീസസ്

2. **ഉദ്യോഗപ്പേര്** : വനിതാ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ (ട്രെയിനി)

**കുറിപ്പ്:** ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹരല്ല.

3. **ശമ്പളം** : ₹ 20000–45800/- (PR)

4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ

| **കാറ്റഗറി നം.** | **സമുദായം** | **ജില്ല** | **ഒഴിവുകളുടെ എണ്ണം** |
|---|---|---|---|
| 287/2023 | **പട്ടിക ജാതി** | തിരുവനന്തപുരം | 01 (ഒന്ന്) |
| | | ആലപ്പുഴ | 01 (ഒന്ന്) |
| | | പാലക്കാട് | 01 (ഒന്ന്) |
| | | കോഴിക്കോട് | 01 (ഒന്ന്) |
| | | വയനാട് | 01 (ഒന്ന്) |
| | | കാസറഗോഡ് | 01 (ഒന്ന്) |
| 288/2023 | **എൽ.സി/എ.ഐ** | തിരുവനന്തപുരം | 01 (ഒന്ന്) |
| 289/2023 | **ഈഴവ/തീയ്യ/ബില്ലവ** | കൊല്ലം | 01 (ഒന്ന്) |
| 290/2023 | **മുസ്ലീം** | കോഴിക്കോട് | 01 (ഒന്ന്) |

**കുറിപ്പ്:** (I) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.

(ii) ഈ വിജ്ഞാപന പ്രകാരം ഉദ്യോഗാർത്ഥികൾ ഒന്നിൽ കൂടുതൽ ജില്ലകളിലേയ്ക്ക് അപേക്ഷിക്കാൻ പാടുള്ളതല്ല. അതിനു വിരുദ്ധമായി അപേക്ഷ അയയ്ക്കുകയും അപ്രകാരം തെരഞ്ഞെടുക്കപ്പെടുകയും ചെയ്താൽ ഉദ്യോഗാർത്ഥിയുടെ പേര് റാങ്ക്പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതും അച്ചടക്കനടപടി സ്വീകരിക്കുന്നതുമാണ്. ഇതേ തസ്തികയിൽ ഏതെങ്കിലും ജില്ലയിൽ ജോലി നോക്കുന്നവർ ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ പാടുള്ളതല്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.

(iii) ഈ വിജ്ഞാപന പ്രകാരം ജില്ലാടിസ്ഥാനത്തിൽ ഓരോ സമുദായത്തിനും പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക്പട്ടികകൾ ഈ തസ്തികയ്ക്കായി പ്രസിദ്ധീകരിച്ച താഴെപ്പറയുന്ന റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്കു വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നതുവരെ നിലവിലിരിക്കുന്നതാണ്.

| ജില്ല | റാങ്ക് ലിസ്റ്റ് നമ്പറും പ്രസിദ്ധപ്പെടുത്തിയ തീയതിയും | കാറ്റഗറി നമ്പറും |
|---|---|---|
| തിരുവനന്തപുരം | Ranked List No. 214/2023/DOT dated 03.04.2023 | 245/2020 |
| കൊല്ലം | Ranked List No. 215/2023/DOQ dated 03.04.2023 | 245/2020 |
| ആലപ്പുഴ | Ranked List No. 216/2023/DOA dated 03.04.2023 | 245/2020 |
| പാലക്കാട് | Ranked List No. 222/2023/DOP dated 03.04.2023 | 245/2020 |
| കോഴിക്കോട് | Ranked List No. 224/2023/DOD dated 03.04.2023 | 245/2020 |
| വയനാട് | Ranked List No. 225/2023/DOW dated 03.04.2023 | 245/2020 |
| കാസറഗോഡ് | Ranked List No. 227/2023/DOB dated 03.04.2023 | 245/2020 |

(iv) G.O. (Ms) No. 161/18/Home dtd. 10.10.2018, G.O.(Ms).No. 128/2019/Home dated 21.08.2019, G.O.(Ms) No.99/2022/ Home dated 16.05.2022 തുടങ്ങിയ സർക്കാർ ഉത്തരവുകളെ അടിസ്ഥാനമാക്കിയാണ് തസ്തികയുടെ പേര്, പ്രായ പരിധി, യോഗ്യത എന്നിവ വിജ്ഞാപനം ചെയ്തിരിക്കുന്നത്.

(v) ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാടിസ്ഥാനത്തിൽ 27.05.1971 ലെ G.O (Ms) 154/71/PD ലെ പ്രത്യേക വ്യവസ്ഥകൾക്ക് അനുസൃതമായി നടത്തുന്നതാണ്. ജില്ലാടിസ്ഥാനത്തിൽ തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്ന ഒരാളിന് സർവ്വീസ് ആരംഭിക്കുന്ന തീയതി മുതൽ തുടർച്ചയായി അഞ്ചു വർഷക്കാലത്തിനിടയ്ക്ക് മറ്റേതെങ്കിലും ഒരു ജില്ലയിലേക്ക് മാറ്റം അനുവദിക്കുന്നതല്ല. അഞ്ചു വർഷത്തിനു ശേഷം സ്ഥലംമാറ്റം അനുവദിക്കുകയാണെങ്കിൽ ആയത് 02.01.1961 –ലെ G.O (Ms) 4/61/PD യിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതാണ്.

**5. നിയമനരീതി** : നേരിട്ടുള്ള നിയമനം (മുകളിൽ സൂചിപ്പിച്ചിട്ടുള്ള കേരളത്തിലെ സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

**6. പ്രായപരിധി** :(I) 18 –29,

എൽ.സി/എ.ഐ, ഈഴവ/തീയ്യ/ബില്ലവ, മുസ്ലീം എന്നീ ഉദ്യോഗാർത്ഥികൾ 02.01.1994–നും 01.01.2005–നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ).

(II) 18–31,

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1992–നും 01.01.2005–നും ഇടയിൽ (രണ്ട് തീയതികളും ഉൾപ്പടെ) ജനിച്ചവരായിരിക്കണം.

വയസ്സിളവിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകൾ ഈ തസ്തികയ്ക്ക് ബാധകമല്ല.

**7. യോഗ്യതകൾ** :

**I) വിദ്യാഭ്യാസ യോഗ്യത:-**

പ്ലസ് ടു അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ വിജയിച്ചിരിക്കണം.

കംപ്യൂട്ടർ ആപ്ലിക്കേഷനിലുള്ള ഡിപ്ലോമയുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

**<u>കുറിപ്പ്:</u>** (a) KS&SSR Part-II Rule 10 (a) (ii) ബാധകമാണ്.

(b) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും, സ്പെഷ്യൽ റൂൾസിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായി കമ്മീഷൻ നിശ്ചയിക്കുന്ന യോഗ്യതകളും, നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായിട്ടുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**II) ശാരീരിക യോഗ്യതകൾ:-**

**A)** ഉദ്യോഗാർത്ഥികൾ ശാരീരികക്ഷമതയുള്ളവരും ചുവടെ ചേർക്കുന്ന കുറഞ്ഞ ശാരീരിക യോഗ്യതകൾ ഉണ്ടായിരിക്കേണ്ടതുമാണ്.

| | **എൽ.സി/എ.ഐ, ഈഴവ/തീയ്യ/ബില്ലവ, മുസ്ലീം ഉദ്യോഗാർത്ഥികൾ** | **പട്ടികജാതി വിഭാഗം ഉദ്യോഗാർത്ഥികൾ** |
|---|---|---|
| ഉയരം (പാദരക്ഷകളില്ലാതെ) | 152 സെ.മീ | 150 സെ.മീ |

**III) നീന്തലിൽ പ്രാവീണ്യം ഉണ്ടായിരിക്കണം.**

**<u>കുറിപ്പ്:</u>** നീന്തലിലുള്ള പ്രാവീണ്യം തെളിയിക്കുന്നതിന് കമ്മീഷൻ ചുവടെ ചേർക്കുന്ന രീതിയിൽ പ്രായോഗിക പരീക്ഷ നടത്തുന്നതാണ്.

**(I)** രണ്ട് മിനിറ്റ് പതിനഞ്ച് സെക്കന്റിനുള്ളിൽ 50 മീറ്റർ നീന്തി പൂർത്തിയാക്കണം.

**(II)** നീന്തൽക്കുളത്തിന്റെ ആഴം കൂടിയ ഭാഗത്ത് 2 (രണ്ട്) മിനിറ്റ് വെള്ളത്തിൽ പൊങ്ങി കിടക്കാനുള്ള കഴിവ്.

ഉദ്യോഗാർത്ഥികൾ മേൽ സൂചിപ്പിച്ച രണ്ട് ഇനങ്ങളും വിജയിച്ചാൽ മാത്രമേ നീന്തൽ പരീക്ഷയിൽ വിജയിച്ചതായി കണക്കാക്കുകയുള്ളു.

**IV) കാഴ്ചശക്തി**

കണ്ണട കൂടാതെ തന്നെ ചുവടെ ചേർക്കുന്ന രീതിയിൽ കാഴ്ചശക്തി ഉണ്ടായിരിക്കണം.

| | | വലത് കണ്ണ് | ഇടത് കണ്ണ് |
|---|---|---|---|
| (i) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| (ii) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| (iii) | ഫീൽഡ് ഓഫ് വിഷൻ | പൂർണ്ണം | പൂർണ്ണം |

**കുറിപ്പ്:** (a) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം

(b) വർണ്ണാന്ധത, കോങ്കണ്ണ് അല്ലെങ്കിൽ കണ്ണിന്റേയോ കൺപോളകളുടേയോ അനാരോഗ്യകരമായ അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

(c) സിവിൽ സർജൻ ഗ്രേഡ് 2 റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നും കായികശേഷി, ആയാസകരമായ പുറം ജോലികൾ ചെയ്യുന്നതിനുള്ള പ്രാപ്തി, കാഴ്ചശക്തി ഇവ സംബന്ധിച്ച് സാക്ഷ്യപ്പെടുത്തിയ ചുവടെ ചേർക്കുന്ന മാതൃകയിലുള്ള അസ്സൽ മെഡിക്കൽ സർട്ടിഫിക്കറ്റ് കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

## MEDICAL CERTIFICATE

[to be obtained from a Medical Officer not below the rank of a **Civil Surgeon Gr. II**]

I have this day, medically examined Smt............................................................................ ........................................................................................................................................................(Name & Address) and found that she has no disease or infirmity, her hearing is perfect, her muscles and joints are free from paralysis and all joints are with free movements and her nervous system is perfectly normal and free from any infectious diseases which would render her unsuitable for Government Service. She is free from physical defects such as knock- knee, flat foot, varicose vein, bow legs, deformed limbs, irregular and protruding tooth, defective speech and hearing. Her age, according to her own statement is ………..and by appearance is ............ Her standards of vision are as follows:-

| **I. STANDARDS OF VISION (without glasses)** | | |
|---|---|---|
| 1. Distant Vision | Right Eye | Left Eye |
| | ............Snellen | ............Snellen |
| 2. Near Vision | ............Snellen | ............Snellen |
| 3. Field of Vision | ..................... | ....................... |
| | [Specify whether **Full** or **Not**]<br>(Entry 'Normal', 'Good', 'Average' etc., will be inappropriate here) | |
| 4. Colour Blindness …................................................................................... | | |

| |
|---|
| 5. Squint ........................................................................................................ |
| 6. Any morbid conditions of the eye or lid of either eye. ............................. |
| **II. IDENTIFICATION MARKS** |
| 1. ............................................................................................................... |
| 2. ................................................................................................................ |

She is Physically Fit and have capacity for rough outdoor work for the post of ........................................................................................................................................................in.............................................................................. ...........Department.

I certify to the best of my knowledge and belief that the applicant Smt............................................................................. is the person herein above described and that the attached photograph has a reasonably correct likeness.

Photo of the Candidate

Signature
Name & Designation of the Medical Officer

(The signature of the Medical officer shall be affixed on the photograph leaving the face clear).

Place:
Date:

(Office Seal)

**കുറിപ്പ്:** കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. അവ്യക്തമായ പ്രസ്താവനകൾ അതായത് വിഷൻ "നോർമൽ", "ഗുഡ് ", "ആവറേജ്" മുതലായവ സ്വീകാര്യമല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി രേഖപ്പെടുത്തിയിട്ടുള്ളത് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിൽ അല്ലാത്ത സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

**V) കായികക്ഷമതാ പരീക്ഷ:-**

കായിക ക്ഷമത നിർണ്ണയിക്കുന്നതിനായി കമ്മീഷൻ കായികക്ഷമതാ പരീക്ഷ നടത്തുന്നതാണ്. ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷയിൽ താഴെ കൊടുത്തിരിക്കുന്ന നാഷണൽ വൺ സ്റ്റാർ സ്റ്റാൻഡേർഡിലുള്ള 8 ഇനങ്ങളിൽ ഏതെങ്കിലും 5 എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 106.00 സെ.മീ. |
| 3 | ലോംഗ് ജമ്പ് | 305.00 സെ.മീ. |
| 4 | പുട്ടിംഗ് ദ് ഷോട്ട് (4 kgs) | 488.00 സെ.മീ. |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോ ബാൾ | 14 മീറ്റർ |
| 7 | ഷട്ടിൽ റേസ് (4 x 25 മീറ്റർ) | 26 സെക്കന്റ് |
| 8 | സ്കിപ്പിങ് (1 മിനിറ്റ്) | 80 തവണ |

**കുറിപ്പ്:** (a) ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

(b) കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**8. ബോണ്ട്:-**

വനിതാ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ **(**ട്രെയിനി**)** തസ്തികയിൽ നിയമിക്കപ്പെടുന്നയാൾ പരിശീലനത്തിനു ശേഷം കുറഞ്ഞത് 7 വർഷമെങ്കിലും നിർബന്ധമായും ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ സേവനം അനുഷ്ഠിക്കേണ്ടതാണ്. അതിനു കഴിയാതെ വന്നാൽ സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച തുകയായ Rs. 50,000/- അല്ലെങ്കിൽ പ്രസ്തുത സമയത്ത് സർക്കാർ നിശ്ചയിക്കുന്ന തുക സംസ്ഥാന ഗവൺമെന്റിന് ഒടുക്കാമെന്ന് കാണിക്കുന്ന ഒരു ബോണ്ട് (G.O.(Ms)No. 128/19/Home dated 21.08.2019-ലെ Annexure I -ൽ നൽകിയിരിക്കുന്നതു പോലെ) നിയമന സമയത്ത് നൽകേണ്ടതാണ്.

**ANNEXURE I**

(Stamp Rs.100)

KNOW ALL MEN BY THESE PRESENTS that we, Smt……………………………………………………………….(H.E Name and Address) ………………………………………… (here in after called the bounden) and Sri …………………………………………. (H.E Name and Address) and Sri …………………………………………. (H.E Name and Address) (here in after called the sureties) do here by bind ourselves and each of us, our and each of our heirs, executors and administrators jointly and severally to pay to the Governor of Kerala (here in after referred to as 'the Government' on demand the sum of Rs. ………. together with a further sum of Rs. ……………. As liquidated damages.

Signed and dated this ………………….. day of …… 20.….

Signed by the bounden Smt ……………………..

In the Presence of witnesses:

1.

2.

Signed by the sureties;

1. Sri …………………

2. Sri …………………

In the presence of witnesses:

1.

2.

Whereas the bounden has been recruited as …………………… in the Kerala State Fire Force and selected to undergo training in ……………… for a period of …………………………….

Where as the Government have agreed to pay the bounden during the period of the said training a suitable allowance to meet her personal expense and also to meet the coast of the said training on condition that after successful completion of training the bounden shall serve the government for a period of …………. years and subject to the terms and conditions here in after appearing and the bounden and sureties have agreed to the same.

Now the condition of the above written obligation is that the instructions conveyed to her regarding the said training or regarding her conduct during the course of the training or in the event of the bounden not successfully completing the course of training within the said period of ……… years, or on the completion of the said training refusing to serve the government as called upon by the Government in any capacity consistent with her qualification and experience for a minimum period of ……………… years or in the event of the bounden deserting the Fire Force before the expiry of the said period of …………… years, the bounden and the sureties shall forth with pay to the Government on demand and without demur a sum of Rs ……………… (Rupees …………………… Only) together with a sum of Rs. …………. (rupees ……………Only) as liquidated damages and in the matter of deciding what monies are to be paid by the bounden and the sureties, the decision of the Government shall be final and legally binding on the bounden and the sureties and upon the payment of such sum the above written obligation shall be void and of no effect, otherwise this shall remain in full force and effect.

Provided that in case the bounden fails to complete the obligatory service of ……………… Years after her joining duty on completion of training the bounden shall pay only the proportionate amount equal to the portion of the shortfall of service to the period of ………………. years together with a sum of Rs. ………… (Rupees ………………… Only) by way of liquidated damages.

Provided further that the bounden and sureties do here by agree that all sums found due to the government under or by virtue of this bond may be recovered jointly and severally from them and their properties movable and immovable, as if such dues were arrears of land revenue under the provisions of the Revenue Recovery Act for the time being in force or in such manner as the government may deem fit.

The liability of the sureties under this bond is co-extensive with that of the bounden and shall not be affected by the Government giving time or any other indulgence to the bounden or by the government, varying any of the terms and conditions here in contained.

Signed by the bounden Smt ……………………………….

In the presence of Witness

(1)

(2)

Signed by the Sureties Sri ……………………………….

Sri ……………………………….

In the presence of witness

(1)

(2)

**9. പ്രൊബേഷൻ :-**

ഈ തസ്തികയിൽ നിയമിതനാകുന്ന ഓരോ ഉദ്യോഗാർത്ഥിയും ട്രെയിനിംഗും പരീക്ഷയും പൂർത്തിയാക്കിയ ശേഷം ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്നു വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10. **ട്രെയിനിംഗ് :-**

(I) സ്റ്റേറ്റ് ഫയർ സർവ്വീസ് ട്രെയിനിംഗ് സ്കൂളിലോ അതിനായി നിശ്ചയിച്ചിരിക്കുന്ന മറ്റ് ഏതെങ്കിലും സ്ഥാപനത്തിലോ ആറ് മാസത്തെ പരിശീലനം പൂർത്തിയാക്കേണ്ടതും, അതിനു ശേഷം പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ നടത്തുന്ന പരീക്ഷ പാസ്സാകേണ്ടതുമാണ്.

(II) പരിശീലനം വിജയകരമായി പൂർത്തിയാക്കി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമി നടത്തുന്ന ടെസ്റ്റ് യോഗ്യതയും നേടിയ ട്രെയിനികളെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തിയ നിയമന ശിപാർശാ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിൽ സേവനത്തിലേക്ക് നിയമിക്കുന്നതാണ്.

(iii) മേൽപ്പറഞ്ഞ പരിശീലനത്തിനു ശേഷം ഏതെങ്കിലും ഒരു ഫയർ സ്റ്റേഷനിൽ ആറ് മാസത്തെ പ്രായോഗിക പരിശീലനം പൂർത്തിയാക്കേണ്ടതും പരിശീലനത്തിന് അനുശാസിച്ചിട്ടുള്ള വിഷയങ്ങളിൽ നടത്തുന്ന പരീക്ഷ പാസ്സാകേണ്ടതുമാണ്.

(iv) ട്രെയിനിംഗ് കാലയളവിന്റെ അവസാന രണ്ടാഴ്ചയിൽ ഒരു എഴുത്തു പരീക്ഷയും ഒരു പ്രായോഗിക പരീക്ഷയും നടത്തുന്നതും അവയിൽ പരാജയപ്പെടുന്നവരുടെ ട്രെയിനിംഗ് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതും വീണ്ടും അവർക്ക് പരാജയപ്പെട്ട വിഷയങ്ങളിൽ ടെസ്റ്റ് നടത്തുന്നതുമാണ്. പുനഃപരീക്ഷയിൽ പരാജയപ്പെടുന്ന വനിതാ ഫയർ ആന്റ് റെസ്ക്യൂ ഓഫീസർ റിക്രൂട്ടികൾക്ക് കോഴ്സ് പാസ്സാകുന്നതിന് ഫയർ ആന്റ് റെസ്ക്യൂ ഡയറക്ടർ മൂന്നാമതൊരു അവസരം കൂടി നൽകുന്നതാണ്.

(v) പരിശീലനകാലത്ത് അടിസ്ഥാന ശമ്പളം സ്റ്റൈപെൻഡായി നൽകുന്നതാണ്. പരീശീലനം വിജയകരമായി പൂർത്തിയാക്കുന്നവർ ജോലിയിൽ പ്രവേശിച്ചതിനു ശേഷം അവർക്ക് ട്രെയിനിംഗ് പിരീയഡിലെ വേതനവും അലവൻസുകളും ലഭ്യമാകുന്നതാണ്. അവസാന പരീക്ഷ ഉൾപ്പെടെയുള്ള പരിശീലന കാലയളവ് ഡ്യൂട്ടിയായി കണക്കാക്കുന്നതാണ്.

11. **അപേക്ഷ അയയ്ക്കേണ്ട രീതി:-**

**(A)** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. Upload ചെയ്യുന്ന ഫോട്ടോ 31.12.2013-ന് ശേഷം എടുത്തതായിരിക്കണം. എന്നാൽ 01.01.2023 മുതൽ പുതുതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

(B) ഈ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ ഒ.എം.ആർ/ ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുളള യോഗ്യതയുളള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാക്കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

(C) പരീക്ഷാ ഷെഡ്യൂളും സിലബസും പ്രത്യേകം വിജ്ഞാപനം ചെയ്യുന്നതാണ്.

(D) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

12. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: **18.10.2023** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ.

13. അപേക്ഷ സമർപ്പിക്കേണ്ട വെബ് സൈറ്റ്: www.keralapsc.gov.in

14. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ:-**

(A) ഉദ്യോഗാർത്ഥി, അപേക്ഷയിൽ ശരിയായ ജാതി/ സമുദായം അവകാശപ്പെടുകയും അത് എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമാകുകയും ചെയ്യുന്ന സാഹചര്യത്തിൽ നോൺക്രീമിലെയർ/ ജാതി സർട്ടിഫിക്കറ്റിനൊപ്പം ജാതി വ്യത്യാസം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധന സമയത്ത് ഹാജരാക്കേണ്ടതാണ്.

(B) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസ്സിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. പൊതുവ്യവസ്ഥകൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

(C) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിയ്ക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്ത് പരീക്ഷയിലെ ഉത്തര കടലാസുകളോ അസാധുവാക്കുകയോ, അവരുടെമേൽ നിയമ നടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ട് കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ്സ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ